(ബി) ഉണ്ട്. 2003-2004-ൽ 20.77 കോടി രൂപ ലഭിച്ച സ്ഥാനത്ത്, സംസ്ഥാന സർക്കാർ തുടർച്ചയായ സമ്മർദ്ദം ചെലുത്തിയതുമൂലം കേന്ദ്രം 2004-2005-ൽ 5275.90 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. 2005-2006-ലേക്ക് 50 കോടി രൂപയുടെ പദ്ധതികൾ സമർപ്പിക്കാൻ കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിപ്രകാരം 10 റോഡുകളുടെ പണി ആരംഭിച്ചു. ഇവയിൽ 2 റോഡുകൾ പൂർത്തിയായി. 8 റോഡുകൾ പൂർത്തിയാവാനുണ്ട്. ഒരു റോഡിന്റെ ആദ്യ മെറ്റലിംഗ് കഴിഞ്ഞു. കരാറുകാരന്റെ അനാസ്ഥകാരണം ബാക്കി ഏഴു റോഡുകളുടെ പണിയിൽ പുരോഗതിയില്ല. ഈ പണികളുടെ കരാർ റദ്ദാക്കി പുതിയ കരാർ നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കരാർ വ്യവസ്ഥകൾ കർശനമാക്കിക്കൊണ്ടും, വീഴ്ചവരുത്തുന്ന കരാറുകാരിൽനിന്നും പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും പണി ത്വരിത പ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആർ. ഐ. ഡി. എഫ്.-ൽ ഉൾപ്പെടുത്തിയ ശാസ്താംകടവ്-മനക്കൊടി റോഡ് നിർമ്മാണം

150 [1983] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് ബ്ലോക്കിൽ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നിർമ്മാണം തുടങ്ങിയ ശാസ്താംകടവ്-മനക്കൊടി റോഡിന്റെ നിർമ്മാണം മുടങ്ങിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ റോഡിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്ര; ഇതിനകം എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട്;

(സി) ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എം.ജി.എസ്.വൈ.-ൽ ഉൾപ്പെടുത്തി ചേർപ്പ് ബ്ലോക്കിൽ എത്ര റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ റോഡുകളുടെ നിർമ്മാണം എന്നു തുടങ്ങും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്. III-ൽ ഉൾപ്പെടുത്തി ചേർപ്പ് ബ്ലോക്കിന് അനുവദിച്ച ശാസ്താംകടവ്-മനക്കൊടി റോഡിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കെ അടിമണ്ണിന്റെ ഉറപ്പുകുറവുമൂലം രണ്ട് പ്രാവശ്യം ഇടിഞ്ഞുതാഴുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അടിമണ്ണ് പ്രകൃത്യാ ഉറച്ചതിനുശേഷമേ ബാക്കി പണികൾ ചെയ്യാവൂ എന്ന് LBS അധികാരികൾ നിർദ്ദേശിച്ചിരുന്നു. RIDF-III-ൽ അനുവദിച്ച പണികൾ പൂർത്തിയാക്കി അന്തിമ ക്ലെയിം 30-4-2003-നകം നബാർഡിന് സമർപ്പിക്കേണ്ടിയിരുന്നു. ഈ സാഹചര്യങ്ങളിൽ 13-9-2004-ലെ സർക്കാർ ഉത്തരവ് (സാധാ.) നം. 3285/04/തസ്വഭവ. പ്രകാരം പണി Fore close ചെയ്യുകയാണുണ്ടായത്.

(ബി) മേൽപ്രവൃത്തിയുടെ നബാർഡ് അംഗീകൃത എസ്റ്റിമേറ്റ് 55.93 ലക്ഷം രൂപയുടേതാണ്. ആകെ 50.89 ലക്ഷം രൂപ ചെലവഴിച്ചു.

(സി) ഈ പ്രവൃത്തി ബ്ലോക്ക് പഞ്ചായത്തിന് അവരുടെ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാവുന്നതാണ്.

(ഡി) പി.എം.ജി.എസ്.വൈ.-ൽ ഉൾപ്പെടുത്തി ചേർപ്പ് ബ്ലോക്കിൽ റോഡ് പ്രവൃത്തികളൊന്നും ഇതേവരെ ഏറ്റെടുത്തിട്ടില്ല.

കുംഭപ്പാറ-പുന്നസിറ്റി റോഡ് നിർമ്മാണം

151 [1984] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടം ബ്ലോക്കിലെ രാജകുമാരി-രാജാക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുംഭപ്പാറ-പുന്നസിറ്റി റോഡിന്റെ നിർമ്മാണം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) റോഡിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും പറയാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് ഭരണാനുമതി നൽകിയശേഷം സാങ്കേതികാനുമതിക്കായി ഇടുക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) സാങ്കേതികാനുമതി ലഭിച്ചാലുടൻ റോഡുപണി ആരംഭിക്കുവാൻ കഴിയും. പണി ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കണ്ണൂർ ജില്ലയിലെ പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരമുള്ള റോഡുകൾ

152 [1985] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly